# 2025-2026 വർഷത്തെ അല്മായ ശുശ്രൂഷ വാർഷിക റിപ്പോർട്ട്
## മരിയനാട് ഇടവക

സഭയിലെ ഭൂരിപക്ഷമായ അല്മായരെ സഭയുടെ വിവിധ പ്രവർത്തന മേഖലകളിൽ സജീവമായി പങ്കെടുപ്പിക്കുകയും, ശാക്തീകരണത്തിലൂടെ സഭാ ജീവിതം കൂടുതൽ ഉണർവേകുകയും ചെയ്യുന്നതിനായി ദിശാബോധവും ഏകോപനവും നൽകുന്ന പ്രധാന സംവിധാനമാണ് അല്മായ ശുശ്രൂഷ സമിതി. കുടുംബയൂണിറ്റ് പ്രതിനിധികൾ , ഭക്തസംഘടനകൾ, സമുദായ സംഘടനകൾ, വിവിധ ഫോറങ്ങളിലെ അംഗങ്ങൾ എന്നിവർ ഒരുമിച്ച് പ്രവർത്തിക്കുന്ന ഈ ശുശ്രൂഷ ആത്മീയതയും സേവനവുമെല്ലാം കൈകോർക്കുന്ന സജീവമായ ഒരു വേദിയാണ്.

<u>ശുശ്രൂഷ ഘടന</u>

**കൺവീനർ : ശ്രീമാൻ. യൂജിപെരേര**

**സെക്രട്ടറി : ശ്രീമതി. ജിത്തു മോൾ**

**എക്സിക്യൂടീവ് അംഗങ്ങൾ**

സജനി, ജൂലിയറ്റ്, മേരി ഇഗ്നേഷ്യസ്, മെറീന, റീത്ത, ലില്ലി, ഡാളി, മറിയം, റെജി കുലാസ്, ലാസർ, വില്ല്യം, ജ്ഞാനസെൽവം, സി.മേരിഗ്രെയ്സ്, രാജു തോമസ്, റോസി കുമാർ, ഷീല ജോൺ, ഷീബ ഫ്രെഡി.

<u>പ്രധാന പ്രവർത്തനങ്ങൾ</u>

1. <u>പൊതുവായ പ്രവർത്തനങ്ങൾ</u>

ഭക്തസംഘടനാ അംഗങ്ങളുടെ ആത്മീയ വളർച്ചയ്ക്കായി വിശുദ്ധ. കൊച്ചുത്രേസ്യയുടെ ആത്മീയതയെക്കുറിച്ചുള്ള പഠന ക്ലാസ് സംഘടിപ്പിച്ചു. അല്മായരുടെ സഭാപാങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി അല്മായ ദിനാഘോഷവും പഠന ക്ലാസും നടത്തി. രാഷ്ട്രീയ ബോധവത്ക്കരത്തിനായി രാഷ്ട്രീയ പ്രവർത്തകരുടെയും സംഗമം സംഘടിപ്പിച്ചത് സമൂഹത്തോടുള്ള പ്രതിബദ്ധത വളർത്തി.സമുദായത്തിന്റെ സ്വത്വബോധം വർദ്ധിപ്പിക്കുന്നതിനായി സമുദായ ദിനാഘോഷം അർത്ഥവത്തായി തന്നെ ആചരിച്ചു.കൂടാതെ 5 മുതൽ 8 വരെ ക്ലാസിലെ കുട്ടികൾക്കായി മൂന്ന് ദിവസത്തെ ധ്യാനം സംഘടിപ്പിച്ചതിൽ 200 –ൽ അധികം കുട്ടികൾ പങ്കെടുത്തു. ഇടവകയുടെ ആത്മീയ നവീകരണത്തിനായി നടത്തിയ അഞ്ചുദിവസത്തെ ധ്യാനം ഏറെ അനുഭവവേദ്യമായിരുന്നു. ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി അഗതിമന്ദിരം സന്ദർശിച്ചും, പ്രായചെന്ന വൈദീകരെ സന്ദർശിച്ചും, തെരുവ് നിവാസികൾക്കും രോഗികൾക്കും സഹായങ്ങൾ നൽകുകയും ചെയ്തു. ചത്തീസ്ഗഡിലെ കന്യാസ്ത്രീകളുടെ അറസ്റ്റുമായി ബന്ധപ്പെട്ട് രൂപത നടത്തിയ പ്രതിഷേധ സംഗമത്തിൽ

**ഇടവകാംഗങ്ങളുടെ പങ്കാളിത്തം സജീവമായിരുന്നു. ഒക്ടോബർ 31-ന് വിഴിഞ്ഞത്ത് നടന്ന ജപമാല റാലിയിൽ ഏകദേശം 80 പേർ പങ്കെടുന്നു.**

2. **കരിസ്തമാറ്റിക് കൂട്ടായ്മ**

   എല്ലാ ബുധനാഴ്ചയും വഴിവക്കിൽ കഴിയുന്ന അശരണർക്ക് ഒരു നേരത്തെ ഭക്ഷണ വിതരണം ചെയ്യുന്നു. എല്ലാ ഞായറാഴ്ചയും ഉച്ചയ്ക്ക് 12 മുതൽ 2 വരെ പള്ളിയിൽ കൂട്ടായ്മ പ്രാർത്ഥന നടത്താറുണ്ട്. യുവജനങ്ങൾക്ക് പ്രത്യേകിച്ച് ക്രിസ്റ്റീൻ, ജെസ്റ്റിൻ കൂട്ടായ്മ പ്രാർത്ഥനയും നടത്താറുണ്ട്.

3. കർമ്മലമാതാ സഭ

   ഓരോ മാസവും ആദ്യ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ പ്രാർത്ഥനക്കായി സംഗമിക്കാറുണ്ട്. കർമ്മല മാതാവിന്റെ തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. തിരുനാളിനോടനുബന്ധിച്ച് വൃദ്ധമന്ദിര സന്ദർശിക്കുകയും രോഗികൾക്ക് മരുന്നും ആഹാരവും നൽകുകയും ചെയ്തു. കൂടാതെ വിദ്യാഭ്യാസത്തിനുള്ള സഹായ പ്രവർത്തനങ്ങളും ചെയ്തു. വിശുദ്ധ. കൊച്ചുത്രേസ്യയുടെ തിരുനാൾ വളരെ പ്രത്യേകമായ നവനാൾ ചൊല്ലിയും ആഘോഷിച്ചു.

4. ലീജിൻ ഓഫ് മേരി

   മാതാവിന്റെ വണക്കമാസം ജപമാല മാസം, എട്ട് നോമ്പ്, മാതാവിന്റെ ജനനതിരുനാൾ എന്നിവ ഭക്തിപൂർവ്വം ആഘോഷിച്ചു. എല്ലാ ശനിയാഴ്ചയും പള്ളിയിൽ വച്ച് ദിവ്യബലിക്ക് ശേഷം ജപമാല പ്രാർത്ഥന നടത്താറുണ്ട്. രോഗികളെ സന്ദർശിച്ച് അവർക്കാവശ്യമായ ശുശ്രൂഷകളും നൽകി. സെപ്റ്റംബർ മാസത്തിൽ അവരുടെ പ്രത്യേക സമ്മേളനം സംഘടിപ്പിച്ചു.

5. വിൻസെന്റ് ഡിപോൾ സൊസൈറ്റി

   **എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 5 മുതൽ 6 വരെ യോഗം നടത്താറുണ്ട്. ദത്തുകുടുംബങ്ങൾക്കും, വിദ്യാർത്ഥികൾക്കും, രോഗികൾക്കും, ആവശ്യമായ സാമ്പത്തിക സഹായവും പഠനസഹായവും, ചികിൽസാ സഹായവും നൽകി. ആശുപത്രി സന്ദർശനങ്ങൾ നടത്തുകയും രോഗികൾക്ക് വേണ്ട സഹായങ്ങൾ നൽകുകയും ചെയ്തു. ഭവന നിർമ്മാണത്തിനും വിവാഹത്തിനും സാമ്പത്തിക സഹായം നൽകി. തിരുനാളുകളോടനുബന്ധിച്ച് ഭക്ഷ്യകിറ്റുകളും ചികിൽസാ സഹായങ്ങളും വിതരണം ചെയ്യുന്നു.**

**ഉപസംഹാരം**

**അല്മായ ശുശ്രൂഷ സമിതി ഇടവകയിലെ വിശ്വാസികളുടെ ആത്മീയ സാമൂഹിക സേവന മേഖലകളിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിരിക്കുന്നു. വിവിധ സംഘടനകളുടെ ഏകോപനത്തിലൂടെ സഭാ ജീവിതം കൂടുതൽ സജീവവും ഫലപ്രദവുമായി തീരാൻ ഈ സമിതി വലിയ സംഭാവന നൽകുന്നു.**

**സേവനത്തിലൂടെ വിശ്വാസം ജീവിക്കുന്നിടമാണ് യഥാർത്ഥ സഭാജീവിതം.**